STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.392/PR/SPMC/PHQ/2026 Date:05.09.2026

## പത്രക്കുറിപ്പ്

## കേരള പോലീസ് അത്‌ലറ്റിക് & ഗെയിംസ് മീറ്റ് 2026:

## സെപ്റ്റംബർ എട്ടുമുതൽ 10 വരെ തിരുവനന്തപുരത്ത്

പോലീസ് സേനയുടെ ഊർജസ്വലതയും ഏകതയും പ്രകടമാക്കുന്ന 47-ാംമത് കേരള പോലീസ് സ്റ്റേറ്റ് അത്‌ലറ്റിക് & ഗെയിംസ് മീറ്റിന് തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ സെപ്റ്റംബർ എട്ടിന് തുടക്കമാകും. സെപ്റ്റംബർ എട്ടുമുതൽ 10 വരെ മൂന്ന് ദിവസങ്ങളിലായി നടക്കുന്ന മത്സരങ്ങളുടെ ഉദ്ഘാടനം സെപ്റ്റംബർ എട്ടിന് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ ആഭ്യന്തരവകുപ്പ് മന്ത്രി രമേശ് ചെന്നിത്തല നിർവ്വഹിക്കും.

സെപ്റ്റംബർ 10ന് നടക്കുന്ന സമാപന ചടങ്ങിൽ മുഖ്യമന്ത്രി വി.ഡി സതീശൻ വിശിഷ്ടാതിഥി ആകും. മത്സരങ്ങളിൽ വിജയികളാകുന്ന ടീമുകൾക്കുള്ള പുരസ്കാരവിതരണവും തുടർന്ന് കലാപരിപാടികളും ഉണ്ടാകും.

'YES TO SPORTS, NO TO DRUGS' എന്ന സന്ദേശത്തെ മുൻനിർത്തിയാണ് ഇപ്രാവശ്യത്തെ പോലീസ് മീറ്റ് സംഘടിപ്പിക്കുന്നത്. സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകൾ, സ്പെഷ്യൽ യൂണിറ്റുകൾ, ആംഡ് പോലീസ് ബറ്റാലിയനുകൾ എന്നിവിടങ്ങളിൽ നിന്നുള്ള പോലീസ് ഉദ്യോഗസ്ഥർ പങ്കെടുക്കും.

തിരുവനന്തപുരത്തെ ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, യൂണിവേഴ്സിറ്റി സ്റ്റേഡിയം എന്നിവിടങ്ങളിലാണ് മത്സരങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

കേരള പോലീസിലെ ദേശീയ അന്തർദേശീയ താരങ്ങൾ ഉൾപ്പെടെ രണ്ടായിരത്തോളം പേർ പോലീസ് കായികമേളയിൽ പങ്കെടുക്കും.

47-ാംമത് കേരള പോലീസ് സ്റ്റേറ്റ് അത്‌ലറ്റിക് & ഗെയിംസ് മീറ്റ് 2026 ഭാഗമായുള്ള ദീപശിഖയും വഹിച്ചുകൊണ്ടുള്ള മാരത്തോൺ ഇന്ന് രാവിലെ കാസർഗോഡ് പുതിയ ബസ് സ്റ്റാൻഡിൽ നിന്നും ആരംഭിച്ചു. എട്ടിന് ദീപശിഖ തിരുവനന്തപുരത്ത് എത്തിച്ചേരും.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ചക്ര കമ്മ്യൂണിക്കേഷൻ, മലബാർ ഗോൾഡ് പ്രൈവറ്റ് ലിമിറ്റഡ്, കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, സോമതീരം ആയുർവേദ റിസോർട്ട്സ്, ഭാരത് പെട്രോളിയം, കാനറാ ബാങ്ക്, കേരള പോലീസ് ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ബാങ്ക് ഓഫ് ബറോഡ, ആസ്റ്റർ മിംസ് ഹോസ്പിറ്റൽ കണ്ണൂർ, അദാനി വിഴിഞ്ഞം പോർട്ട്, കാസറഗോഡ് ജില്ലാ പോലീസ് സഹകരണ സംഘം, രാമചന്ദ്രൻ ടെക്സ്റ്റൈൽസ് എന്നിവരുമായി സഹകരിച്ചാണ് കേരള പോലീസ് ഈ കായികമേള സംഘടിപ്പിക്കുന്നത്.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,
ഡെപ്യൂട്ടി ഡയറക്ടർ,
സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

************************************